## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്1- 15046//2017 തീയതി- 19 .08.2020

**സർക്കുലർ നമ്പർ -19 /2020-21**

വിഷയം --കേരള ചുമട്ട തൊഴിലാളി ക്ഷേമബോർഡിലെ സ്ഥിരം ജീവനക്കാരിൽ ആവശ്യമുള്ള ജീവനക്കാർക്ക് 2020 ഓണം പ്രമാണിച്ച് 2020-21 ആഗസ്റ്റ് മാസത്തെ ശമ്പളം മുൻകൂറായി വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) 17.10.1988 തീയതിയിലെ 29/88-89 നമ്പർ ബോർഡ് സർക്കുലർ.

2) 17.08.2020 ലെ സ.ഉ. (അച്ചടി) നമ്പർ 109/2020/ ധന നമ്പർ സർക്കാർ ഉത്തരവ്.

3) കേരള ചുമട്ടുതൊഴിലാളി ചട്ടം (1981) റൂൾ 15(3) ( സി ).

മേൽ സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം ആവശ്യമുള്ള സർക്കാർ ജീവനക്കാർക്ക് 2020 ഓണം പ്രമാണിച്ച് 2020 ആഗസ്റ്റ് മാസത്തെ ശമ്പളം 24/08/2020 തീയതി മുതൽ വിതരണം ചെയ്യുവാൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവെച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൂചന (2) ലെ സർക്കാർ ഉത്തരവിൻ പ്രകാരം കേരള ചുമട്ട തൊഴിലാളി ക്ഷേമബോർഡിലും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ജില്ലാ കമ്മിറ്റി / ഉപകാര്യാലയങ്ങളിലെ, സേവനത്തിൽ തുടരുന്ന സ്ഥിരം ജീവനക്കാരിൽ ഫുൾ ടൈം, പാർട്ട് ടൈം കണ്ടജന്റ് ജീവനക്കാർ, ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ 2020 ഓഗസ്റ്റ് മാസത്തെ ശമ്പളം ആവശ്യമുള്ള ജീവൻക്കാർക്ക് 24/08/2020 തീയതി മുതൽ യഥാവിധി വിരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥർക്കും സൂചന (1) ലെ ബോർഡ് സർക്കുലർ പ്രകാരം അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

വിരമിച്ച ജീവനക്കാരുടെ സമാശ്വാസ പെൻഷൻ 20/08/2020 തീയതി മുതൽ വിതരണം നടത്തേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**സ്വീകർത്താവ്.**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.

( ജില്ലാ കമ്മിറ്റി ചെയർമാൻ, കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

**പകർപ്പ്**

ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ ( ഡബ്ലിയു. ഇ), (പി. എ) (ഐ. എ)

ജൂനിയർ സൂപ്രണ്ട് (എല്ലാ സെക്ഷനുകളിലും ). ബിൽ/എസ്.ഫ്. സ്പെയർ

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്